**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 4094** | **16/12/2014 ൽ മറുപടിയ്ക്ക്**

**പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നത്**

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | | ഉത്തരം<br>ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൌഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. പ്രസ്തുത പ്രവർത്തിയ്ക്ക് 1/11/14 ലെ സർക്കാർ ഉത്തരവ്(സാധാ) നം.1226/14/വ്യവ പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;<br><br>(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി അടിയന്തിരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (ബി) (സി) & (ഡി) | ഉണ്ട്. ഭരണാനുമതിയിൽ പറഞ്ഞിട്ടുള്ള ഹെഡ് ഓഫ് അക്കൌണ്ട് പൊതുമരാമത്തു വകുപ്പിന് കൈകാര്യം ചെയ്യാൻ കഴിയാത്തതാണ് ടി പ്രവർത്തി ആരംഭിക്കാതിരിക്കാനുള്ള കാരണം. ഹെഡ് ഓഫ് അക്കൌണ്ടിൽ ആവശ്യമായ മാറ്റം വരുത്തി തുക അനുവദിച്ച നൽകി പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ